## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3484

### 15-08-2018 - ലെ മറുപടിക്ക്

**തൃത്താല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ**

| ചോദ്യം<br>**ശ്രീ.വി.ടി. ബൽറാം** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** |
|---|---|
| എ) ആസ്തി വികസന ഫണ്ടിലേക്ക് 2017-18 ൽ തൃത്താല മണ്ഡലത്തിൽ ശിപാർശ ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണത്തിന് ഇതുവരെ ഭരണാനുമതി നൽകി;വ്യക്തമാക്കാമോ ; | തൃത്താല മണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 9 പദ്ധതികളാണ് ശിപാർശ ചെയ്തിട്ടുള്ളത്. ഇതുവരെ ശിപാർശ ചെയ്തിട്ടുള്ള 9 പദ്ധതികളിൽ 5 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (അനുബന്ധം - 1) |
| ബി) ആസ്തി വികസന ഫണ്ടിലേക്ക് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് 30 ദിവസത്തിനകം ഭരണാനുമതി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിബന്ധന പാലിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ; | 01.12.2017 ലെ സ.ഉ(അ) നം.153/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ആസ്തി വികസന ഫണ്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് 30 ദിവസത്തിനകം ഭരണാനുമതി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിബന്ധന പാലിക്കപ്പെടാത്തത് ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| സി) 4.7.2017 ലെ ജി.ഒ.(പി) നം.86/2017/ഫിൻ, 1.12.2017 ലെ ജി.ഒ(പി) നം. 153/2017/ഫിൻ എന്നീ എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | പരാമർശിത ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടാറുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം -1

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷം) രൂപ | റിമാർക്ക്സ് |
|---|---|---|---|
| 1 | വെള്ളിയാങ്കല്ല് ലൈബ്രറി കെട്ടിടം നിർമ്മാണം | 200.00 | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല |
| 2 | വരട്ടപ്പള്ള്യാലിൽ അംഗൻവാടി കെട്ടിടം | 20.00 | 06/01/2018 ന് ഭരണാനുമതി നൽകി |
| 3 | DET സ്കൂൾ ആനക്കര – കെട്ടിടം | 99.00 | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല |
| 4 | ചേക്കോട് അംഗൻവാടി കെട്ടിടം | 20.00 | 06/01/2018 ന് ഭരണാനുമതി നൽകി |
| 5 | ഗവ.എൽ.പി.സ്കൂൾ കരിയന്നൂർ കെട്ടിടം | 40.00 | 06/01/2018 ന് ഭരണാനുമതി നൽകി |
| 6 | ഗവ.എൽ.പി.സ്കൂൾ ആല്ലൂർ -കെട്ടിടം | 40.00 | 06/01/2018 ന് ഭരണാനുമതി നൽകി |
| 7 | ഗവ.എൽ.പി.സ്കൂൾ പെരുമണ്ണൂർ കെട്ടിടം | 30.00 | 24/01/2018 ന് ഭരണാനുമതി നൽകി |
| 8 | തെക്കേക്കുന്ന് പാലം നിർമ്മാണം | 20.00 | ഭരണാനുമതി അംഗീകരിച്ച് ലഭ്യമായിട്ടില്ല |
| 9 | കുമാരനല്ലൂർ ഗവ. എൽ.പി സ്കൂൾ കെട്ടിടം നിർമ്മാണം | 39.50 | 2016-17 ലെ 8.5 ലക്ഷം രൂപയും 2017-18 വർഷത്തെ 31 ലക്ഷം രൂപയും കൂടി ചേർത്ത (ആകെ 39.50 ലക്ഷം രൂപ) സംയുക്ത പ്രോജക്റ്റിന് ധനാനുമതി നൽകിയിട്ടുണ്ട്. DPR ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. |
| | **ആകെ** | **508.50** | |